# വെള്ളപ്പാറക്കുന്നിന് വിശ്വാസിന്റെ കൈത്താങ്ങ്

നെന്മാറ • വെള്ളപ്പാറകുന്ന് കോളനിയിലേക്ക് ഇന്നലെ ദുരിതാശ്വാസ സാമഗ്രികൾ എത്തി. ജില്ലയിൽ ക്ഷേമപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന 'വിശ്വാസ്' എന്നസംഘടനയാണുനിത്യോപയോഗ സാധനങ്ങളുമായി എത്തിയത്. അരിയും പലവ്യഞ്ജനങ്ങളും മറ്റുമായി ജില്ലാ ഭരണകൂടം സംഭരിച്ചിരുന്ന സാമഗ്രികൾ കോളനിയിൽ വിതരണം ചെയ്തു. ജില്ലാ കലക്ടർ പ്രസിഡന്റും പി. പ്രേംനാഥ് സെക്രട്ടറിയുമായ സംഘടനയുടെ വൈസ് പ്രസിഡന്റ് വി.പി.കുര്യാക്കോസ്, ആർ.ദേവികൃപ, എം.മനോജ്, പി.ലേഖ എന്നിവർ ഇവരുടെ ദുരിതം നേരിൽകണ്ടു. അടുത്ത ആഴ്ചതന്നെ കോളനിയിൽ വൈദ്യപരിശോധന ക്യാംപ് സംഘടിപ്പിക്കുമെന്നു സംഘം പറഞ്ഞു. വൈദ്യുതീകരിക്കാത്ത വീടുകളിൽ അടിയന്തരമായി സോളർ വൈദ്യുതി ഏർപ്പെടുത്തും. കെഎസ്ഇബിയുമായി ഇടപെട്ടു തെരുവു വിളക്കുകൾ സ്ഥാപിക്കാനുള്ള നടപടിയെടുക്കും. 4 വീടുകൾ ഉപയോഗയോഗ്യമാക്കാൻ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തും.

സഹായഹസ്തവുമായി ജില്ലാ പ്രിൻസിപ്പൽ ജഡ്ജിയും ജില്ലാ ലീഗൽ സർവീസ് സൊസൈറ്റി ചെയർപഴ്സനുമായ കെ.പി.ഇന്ദിരയും സെക്രട്ടറി തുഷാറും കോടതി ജീവനക്കാരുമടങ്ങിയ സംഘവും എത്തി. അടിയന്തര സഹായമായി ഇവർ എത്തിച്ച പാൽ പാക്കറ്റുകളടങ്ങിയ പെട്ടികളും ശുദ്ധജല കുപ്പികളും പുസ്തകങ്ങളും മറ്റു നിത്യോപയോഗ സാമഗ്രികളും കോളനിയിൽ വിതരണം ചെയ്തു.